പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6263

10.7.2012 ൽ മറുപടിയ്ക്ക്

**രോഗം ഭേദമായിട്ടും മനോരോഗാശുപത്രികളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി**

ചോദ്യം

ശ്രീ.എ.കെ.ബാലൻ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മനോരോഗ ചികിത്സയെ തുടർന്ന് രോഗം ഭേദമായിട്ടും ബന്ധുക്കൾ സ്വീകരിക്കാൻ തയ്യാറാകാത്തതിനാൽ പലർക്കും തുടർന്നും മനോരോഗാശുപത്രികളിൽ കഴിയേണ്ടിവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാരിലെ പുരുഷൻമാരെയും സ്ത്രീകളെയും പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരത്തും കോഴിക്കോട്ടും തൃശ്ശൂരും എറണാകുളത്തുമായി പ്രത്യേകം പ്രത്യേകമായി ആശാഭവനുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) ഇത്തരം സാഹചര്യങ്ങളിൽപ്പെട്ടു പോയവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഇവരുടെ പുനരധിവാസം എപ്രകാരം സാദ്ധ്യമാക്കുവാനാകുമെന്നും വ്യക്തമാക്കുമോ? | (ബി)ശേഖരിച്ചിട്ടില്ല. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽപെട്ടുപോയ പുരുഷൻമാരെയും സ്ത്രീകളെയും പുനരധിവസിപ്പിക്കുന്നതിന് പ്രത്യേകം പ്രത്യേകം ഹോമുകൾ പത്തു ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ രോഗവിമുക്തി നേടിയ അന്യസംസ്ഥാനക്കാരായ രോഗികളെ അവരവരുടെ നാട്ടുകളിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നു മാത്രമായി 35 ഓളം പേരെ അതാതു സംസ്ഥാനങ്ങളിൽ എത്തിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ